QP CODE: 23004876

23004876

Reg No : ....................

Name : ....................

# M A DEGREE (CSS) EXAMINATION , JULY 2023

## Second Semester

M A MALAYALAM

## CORE - ML010201 - AADHUNIKA MALAYALA KAVITHA - ONNAAM GHATTAM

2019 Admission Onwards

31EE1953

Time: 3 Hours | Weightage: 30

**I. എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. " വിരുദ്ധ മിക്കേരളപാണ്ഡ്യഭൂക്കളിൽ
പരക്കെയാചാരമിവണ്ണമെങ്കിലും
അഹോ !വിചിത്രംമലയൂഴിയാഴിയെ-
ന്നിതൊക്കെയും കൂടി മറിച്ചു വേണമോ " - വിശദമാക്കുക

2. " ഓമെന്നു തൊട്ടൊരു കോടി മന്ത്രപ്പൊരുൾ
നാമെന്നറിഞ്ഞു കൊണ്ടാടു പാമ്പേ "- വിശദീകരിക്കുക

3. "ഭക്തിയുമതിലേറെ സ്നേഹവുമുൾക്കൊണ്ടാത്മ-
വൃത്താന്തമറിയിച്ചാളൃഷിയെസദ്വൃത്തയാൾ" - വൃത്താന്തം എന്തായിരുന്നു

4. "ചിന്തിച്ചാൾ, എങ്ങോ മേവുമിപ്പൂത്തൻ പെൺപൂമ്പാറ്റ -
യ്ക്കന്തിങ്ങു ബന്ധം വരാൻ എന്നെക്കൊണ്ടോരോന്നോതാൻ " വിവക്ഷിതമെന്ത്

5. "ജീവിതം ഗാനം കാലം താള മാത്മാവിൻ നാനാ
ഭാവമോരോരോ രാഗം വിശ്വമണ്ഡലം ലയം" - ഇവിടെ അവതരിപ്പിക്കുന്ന കാവ്യാനുഭവം എപ്രകാരമുള്ളതാണ്

6. "തമ്പുരാനുടെ യജ്ഞധ്വജമേ
നീയെന്തിത്ര നിലംപറ്റി" - കാവ്യ സന്ദർഭമെഴുതി ആശയം വിശകലനം ചെയ്യുക

7. " മനസ്സാൽ ചെയ്യപ്പെട്ടപാപമേഗുരുതരം " - അശയവും സന്ദർഭവും എഴുതുക

8. പ്രതികവിതയുടെ പ്രത്യേകതകൾ എന്തെല്ലാം?

9. " അല്ലെങ്കി, ലൊന്നാണല്ലോ മരവുംഞാനും " - ആശയം വ്യക്തമാക്കുക

10. "ഇല്ല വിശേഷം ചിത്തഭ്രമമാ-
ണിയ്യിടെ നമ്മൾക്കല്പാല്പം " ആശയം വ്യക്തമാക്കുക

(8×1= 8 weightage)

**II. ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11. .കട്ടക്കയം ചെറിയാൻ മാപ്പിളയുടെ വർണ്ണനാ പാടവം പാഠഭാഗത്തെ മുൻനിർത്തി വിവരിക്കുക

12. .മൂടില്ലാത്തൊരു മുണ്ടുകൊണ്ടു മുടിയും
മൂടീട്ടു വൻ കറ്റയും
ചൂടിക്കൊണ്ടരിവാൾ പുറത്തു തിരുകി പ്രാഞ്ചി -
ക്കിതച്ചങ്ങനെ
നാടൻ കച്ചയുടുത്തുമേനി മുഴുവൻ
ചേറും പുരണ്ടിപ്പൊഴി
പ്പാടത്തൂന്നു വരുന്ന നിൻ വരവു
കണ്ടേറെക്കൊതിക്കുന്നു ഞാൻ - കാലഘട്ടത്തിന്റെയും കാവ്യ പ്രസ്ഥാനത്തിന്റെയും സവിശേഷതകളെ ഈ വരികൾ എത്രമാത്രംവിശദീകരിക്കുന്നുണ്ട്?

13. സാമൂഹികവും സാമുദായികവുമായ അസമത്വങ്ങൾക്കെതിരെ തൂലിക ചലിപ്പിച്ച കവിയാണ് പള്ളത്തു രാമൻ - വിശകലനം ചെയ്ത് സ്വമതം രേഖപ്പെടുത്തുക

14. "ഹാ ചേർന്നു നില്പോൻ മല കാണുകില്ല!"-ഇങ്ങനെ കവി പറയാൻ കാരണമെന്ത്?

15. ആധുനിക കവിതകളുടെ പ്രമേയപരമായ സവിശേഷതകൾ വിവരിക്കുക

16. പാടം വൈലോപ്പിള്ളിയുടെ കവിതയിൽ പ്രധാനപ്പെട്ട രൂപകമായി പ്രത്യക്ഷപ്പെടുന്നത് എങ്ങനെയെല്ലാം

17. വളവുകൾ എന്നകവിത ജീവിതത്തിന്റെപ്രതീക കല്പനയാകുന്നതെങ്ങനെ

18. ഒ എൻ വി യുടെ കാവ്യസവിശേഷതകൾ ഇത്തിരിപ്പൂവേചുവന്നപൂവേ എന്നകവിതയെ അധികരിച്ച് വിവരിക്കുക

(6×2= 12 weightage)

**III. രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

19. കൊളോണിയൽ കാലഘട്ടത്തിൽ സാഹിത്യത്തിലുണ്ടായ രൂപ - ഭാവപരമായ മാറ്റം മലയാള കവിതാ സാഹിത്യത്തിൽ വരുത്തിയ മാറ്റം വിമർശന ദൃഷ്ട്യാ പരിശോധിക്കുക

20. പള്ളത്തുരാമന്റെ കാവ്യരചനയുടെ സവിശേഷതകൾ മുന്നണിയിലേക്ക് എന്ന കവിതയെ മുൻനിർത്തി ഉപന്യസിക്കുക

21. ക്രാന്തദർശിയായ കവിയുടെ ജീവിതബോധത്തിന്റെ തെളിവിയന്ന ആവിഷ്ക്കാരങ്ങളാണ് ആശാൻ കവിതകൾ - വിശകലനം ചെയ്യുക

22. പ്രക്ഷുബ്ധവും ചിന്തോദ്ദീപകവും തപ്തവിരഹാർദ്രവും അഭിമാനതീക്ഷ്ണതയാർന്നതുമായ സീതാ ജീവിതത്തിന്റെ അകം പൊരുൾ തേടുന്ന കാവ്യമാണ് ചിന്താവിഷ്ടയായ സീത - വിമർശന ദൃഷ്ട്യാ പരിശോധിക്കുക

(2×5= 10 weightage)